പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3154

13-10-2011-ൽ മറുപടിയ്ക്ക്

# അർത്തുങ്കൽ ഫിഷിംഗ് ഹാർബർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പുരോഗതി ഏതു ഘട്ടം വരെയായി എന്നു പറയുമോ; | എ) ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്. ഇതിൽ 140 മീറ്റർ വീതം നീളത്തിൽ 2 ബ്രേക്ക് വാട്ടറുകൾ, പാർക്കിംഗ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ടോയ്‌ലറ്റ് ബ്ലോക്കുകൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) ഹാർബറിന്റെ അടുത്ത ഘട്ടം നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് പറയുമോ ; | ബി) പരിസ്ഥിതി അനുമതിയും കേന്ദ്രാനുമതിയും ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. |
| സി) കേന്ദ്ര സർക്കാർ ഇതിന്റെ നിർമ്മാണത്തിന് നൽകേണ്ട വിഹിതം നൽകിയിട്ടുണ്ടോ ; | സി) 75% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ( 2008 ഷെഡ്യൂൾ നിരക്ക് പ്രകാരം 4749 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ ഷെഡ്യൂൾ നിരക്ക് പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ റിപ്പോർട്ട് പുതുക്കി വീണ്ടും കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കുന്നതാണ്. |
| ഡി) നിലവിൽ ഇതിന്റെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നു വിശദമാക്കുമോ ? | ഡി) നിലവിൽ പദ്ധതിക്ക് പ്രത്യേക തടസ്സങ്ങളൊന്നും ഇല്ല. |

സെക്ഷൻ ഓഫീസർ